പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

18.06.2018-ൽ മറുപടിക്ക്

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2609

## ഫ്ലൈ ഓവറുകൾ

| ചോദ്യം<br>ശ്രീ.സി.എഫ്.തോമസ് : | മറുപടി<br>ശ്രീ. ജി. സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
|---|---|
| (എ) സംസ്ഥാനത്ത് പുതുതായി എത്ര ഫ്ലൈ ഓവറുകൾ നിർമ്മിക്കുവാൻ കിഫ്ബിയുടെ സഹായം ലഭ്യമാകുമെന്ന് വ്യക്തമാക്കുമോ; | (എ) നാളിതുവരെ കിഫ്ബി മുഖേന നടപ്പിലാക്കുന്നതിനായി 18 ഫ്ളൈ ഓവറുകളുടെ നിർമ്മാണപദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇവയിൽ 11 ഫ്ളൈ ഓവറുകളുടെ പ്രോജക്ട് റിപ്പോർട്ടുകൾ കിഫ്ബിയിൽ സമർപ്പിക്കുകയും 9 ഫ്ളൈ ഓവറുകളുടെ പദ്ധതികൾക്ക് കിഫ്ബി അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്. |
| (ബി). ഗുരുതരമായ ഗതാഗതകുരുക്ക് പരിഹരിക്കുവാൻ ഈ ഫ്ലൈ ഓവറുകളുടെ നിർമ്മാണം സമയ ബന്ധിതമായി പൂർത്തിയാക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (ബി) ബജറ്റ് പ്രസംഗത്തിൽ കിഫ്ബിയിൽ ഉൾപ്പെടുത്തിയ പദ്ധതികൾക്ക് ഭരണാനുമതി നൽകുകയും, ചുമതലപ്പെടുത്തിയിട്ടുള്ള എസ്.പി.വികൾ പദ്ധതിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ടും മറ്റു വിവരങ്ങളും കിഫ്ബി മാനദണ്ഡങ്ങൾക്ക് അനുസൃതമായി സമർപ്പിക്കുന്ന മുറയ്ക്ക് അത് പരിശോധിച്ച് അംഗീകാരം നൽകുന്നതിനുള്ള നടപടികൾ കിഫ്ബി സ്വീകരിക്കുന്നതാണ്. തുടർന്നുള്ള നടപടികൾ സ്വീകരിക്കേണ്ടത് ബന്ധപ്പെട്ട എസ്.പി.വികളുടെ ചുമതലയാണ്. |

S. Bindu

സെക്ഷൻ ഓഫീസർ